## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ പൊളിറ്റിക്കൽ സയൻസ് വിഭാഗം -സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ4/8696/2018/കോ.വി.വ. തിരുവനന്തപുരം തീയതി 06/07/2018

---

പരാമർശം: - 1) ഗവൺമെന്റ് ലോ കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപിക ശ്രീമതി. ജിഷ എബ്രഹാം 18/5/18 ൽ സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പാളിന്റെ 18/5/2018ലെ എ/24/18/ജി.എൽ.സി. നമ്പർ കത്ത്.

2) ഡോ. ജി. ബാലചന്ദ്രൻ പിള്ള, അസിസ്റ്റന്റ് പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, ബഹുമാനപ്പെട്ട ഡയറക്ടർക്ക് സമർപ്പിച്ച 18/5/18 ലെ അപേക്ഷ.

3) യൂണിവേഴ്സിറ്റി കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവിയുടെ 20/6/18 ലെ അപേക്ഷ ഉള്ളടക്കം ചെയ്തുകൊണ്ടുള്ള യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാളിന്റെ 20/6/18 ലെ കത്ത്.

### ഉത്തരവ്

വിവധ സർക്കാർ കോളേജികളിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകരിൽ നിന്നും സ്ഥലംമാറ്റത്തിനായി പരാമർശം 1,2,3 പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളും യൂണിവേഴ്സിറ്റി കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവിയുടെ പരാമർശം 3 റിപ്പോർട്ടും പരിഗണിച്ച് ചുവടെ സൂചിപ്പിക്കന്ന അദ്ധ്യാപകരെ അവരുടെ പേരിന് എതിരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര്. |
|---|---|---|
| 1 | ഡോ. പി.ജി. ബാലചന്ദ്രൻപിള്ള യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം ലോ കോളേജിലെ ശ്രീമതി. ജിഷ എബ്രഹാമിനെ സ്ഥലംമാറ്റുന്ന ഒഴിവിൽ |
| 2 | ശ്രീമതി. ജിഷ എബ്രഹാം ഗവൺമെന്റ് ലോ കോളേജ് തിരുവനന്തപുരം | തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജിലെ ഡോ. പി.ജി. ബാലചന്ദ്രൻ പിള്ളയെ സ്ഥലംമാറ്റുന്ന ഒഴിവിൽ |

സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ഉടൻ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് 'ജോയിനിംഗ് ടൈമിന്' അർഹത ഉണ്ടായിരിക്കുന്നതല്ല.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
ഹരിത വി. കുമാർ ഐ.എ എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്:-

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ/അദ്ധ്യാപകർ
2) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം
3) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/7/7/18